

# പാശ്ചാത്യ മാധ്യമങ്ങളിലെ മുസ്‌ലിം ഇടപെടൽ: പ്രശ്നങ്ങളും പ്രത്യാശകളും



**മുഹമ്മദ് അഹ്മദുല്ല സിദ്ദീഖി**
അമേരിക്കയിലെ വെസ്റ്റേൺ ഇല്ലിനോയ്ഡ് സർവകലാശാലയിൽ 1987 മുതൽ ജേർണലിസം ആന്റ് പബ്ലിക് റിലേഷൻസിൽ പ്രഫസറായി സേവനമനുഷ്ഠിക്കുന്നു. ചിക്കാഗോയിലെ ഇസ്‌ലാമിക് കോളേജ് വൈസ് പ്രസിഡന്റ്. അമേരിക്കൻ മുസ്‌ലിം പ്രഫഷണൽ സ്ഥാപനങ്ങളുടെ വേദിയായ എൻ.എൻ.എം.പി.എസ് സ്ഥാപിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. അന്താരാഷ്ട്ര വിദ്യാർഥി പ്രസ്ഥാനമായ 'ഇഫ്സോ'യുടെ സെക്രട്ടറി ജനറലായി പ്രവർത്തിച്ചിരുന്നു. ദൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്ജക്ടീവ് സ്റ്റഡീസ്, അലിഗഢിലെ സെന്റർ ഫോർ സ്റ്റഡീസ് ഓൺ സയൻസ് എന്നിവയുടെ ഭരണസമിതിയംഗമായിരുന്നു. **soundvision.com**ൽ **സമാന സിദ്ദീഖി**ക്ക് നൽകിയ അഭിമുഖം

അഭിമുഖം

**മുഹമ്മദ് അഹ്മദുല്ല സിദ്ദീഖി/ സമാനാ സിദ്ദീഖി**

▶ *താങ്കൾ മാധ്യമരംഗത്തേക്ക് കടന്നുവന്ന പശ്ചാത്തലവും മാധ്യമരംഗത്ത് അർപ്പിക്കുന്ന സേവനങ്ങളും വിശദീകരിക്കാമോ?*

ഊർജതന്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ വ്യക്തിയാണ് ഞാൻ. പിന്നീട് ഇതേ വിഷയത്തിൽ പി.എച്ച്.ഡി ഗവേഷണത്തിന് അലിഗഢ് സർവകലാശാലയിൽ ചേർന്നു. ഒരിക്കൽ അലിഗഢ് വൈസ് ചാൻസലർ ദൂരദർശന്റെ ദൽഹി ഡയറക്ടറെ സർവകലാശാലയിലേക്ക് ക്ഷണിച്ചു. ഡയറക്ടറുമായി കുറഞ്ഞ സമയം തുറന്ന ചർച്ചക്ക് എനിക്കും ഏതാനും സീനിയർ വിദ്യാർഥികൾക്കും അവസരം ലഭിച്ചു. ദൂരദർശനിൽ മുസ്‌ലിംകളെ ഏറെ മോശമായാണ് ചിത്രീകരിക്കാറുള്ളതെന്നും ഇസ്‌ലാമിനെ സംബന്ധിച്ച് തെറ്റിദ്ധാരണകൾക്കിടയാക്കുന്ന പരാമർശങ്ങളാണ് ദൂരദർശനിലും ഇതര മാധ്യമങ്ങളിലും പ്രത്യക്ഷപ്പെടാറുള്ളതെന്നും ഞങ്ങൾ അദ്ദേഹത്തോട് പരാതിപ്പെട്ടു. ധീരരും ഉത്സാഹികളുമായ മുസ്‌ലിംകൾ മാധ്യമരംഗത്തേക്ക് കടന്നുവരികയാണെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹൃതമാവൂ എന്ന അദ്ദേഹത്തിന്റെ മറുപടി എന്റെ ചിന്തയെ തട്ടിയുണർത്തി. മാധ്യമങ്ങളുടെ മുസ്‌ലിം വിരുദ്ധതയെ സംബന്ധിച്ച് വെറുതെ പരിഭ്രമിച്ചുകൊണ്ടിരിക്കുന്നത് അർഥശൂന്യമാണെന്നും ഈ രംഗത്ത് സജീവമായ ഇടപെടൽ തന്നെ വേണമെന്നും എന്റെ മനസ്സ് മന്ത്രിച്ചു. അങ്ങനെ ശാസ്ത്രത്തിന്റെ ലോകംവിട്ട് ഞാൻ മാധ്യമങ്ങളുടെ ലോകത്തേക്ക് പ്രവേശിച്ചു. വായിച്ചും പഠിച്ചും മാധ്യമസംബന്ധിയായ നിരവധി കാര്യങ്ങൾ ഗ്രഹിച്ച എനിക്ക് 1981-ൽ ചിക്കാഗോയിലെ ഇല്ലിനോയ്ഡ് സർവകലാശാലയിൽനിന്ന് മാധ്യമപ്രവർത്തനത്തിൽ മാസ്റ്റർ ബിരുദം സ്വായത്തമാക്കാൻ സാധിച്ചു. 1984-ൽ ഫിലാ

ഡെൽഫിയയിൽനിന്ന് അന്താരാഷ്ട്ര വാർത്താവിനിമയം, പൊതുജനസമ്പർക്കം എന്നിവയിൽ പി.എച്ച്.ഡി നേടാനും ഭാഗ്യമുണ്ടായി. 1987 മുതൽ ഇല്ലിനോയ്ഡ് സർവകലാശാലയിൽ മാധ്യമ വാർത്താവിനിമയ പൊതുജന സമ്പർക്ക വിഷയത്തിൽ അധ്യാപക ജോലി തുടരുകയാണ്. ഇതോടൊപ്പം മാധ്യമ സദാചാര രംഗത്തും ഞാൻ സജീവമായി പ്രവർത്തിക്കുന്നു. മാധ്യമ രംഗത്തെ അധാർമിക പക്ഷപാത രീതികളെ തുറന്നുകാട്ടുന്ന സെമിനാറുകൾക്ക് നേതൃത്വംകൊടുക്കാൻ അവസരം ലഭിക്കാറുണ്ട്. ഏതാനും വർഷം മുമ്പ് സ്കോട്ട്ലന്റിൽ ഞാൻ അത്തരമൊരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. സെമിനാറിൽ സംബന്ധിച്ച മുസ്‌ലിംകളും അമുസ്‌ലിംകളുമായ പത്രപ്രവർത്തകർ ഒന്നടങ്കം മാധ്യമരംഗം സംശുദ്ധമാവേണ്ടതിന്റെയും സദാചാര ബദ്ധമാവേണ്ടതിന്റെയും പ്രാധാന്യം എടുത്തു പറയുകയുണ്ടായി.

▶ *അമേരിക്കയിലെ മുസ്‌ലിംകളും മാധ്യമങ്ങളും തമ്മിലുള്ള ബന്ധത്തിൽ കഴിഞ്ഞ രണ്ട് ദശകങ്ങൾക്കിടയിലുണ്ടായ മാറ്റങ്ങൾ വിശദീകരിക്കാമോ?*

അമേരിക്കയിൽ മാധ്യമങ്ങളും മുസ്‌ലിംകളും തമ്മിലുള്ള ബന്ധത്തിലുണ്ടായ പരിണാമത്തെ സ്വാധീനിച്ചത് പ്രധാനമായും മൂന്ന് സംഭവങ്ങളാണ്. 1973-ൽ ഒപെക് പ്രഖ്യാപിച്ച എണ്ണ ഉപരോധമാണ് അവയിൽ ഒന്ന്. ഈ ഉപരോധം മാധ്യമങ്ങളിൽ മുസ്‌ലിംകൾക്കും അറബികൾക്കുമെതിരായ ഛായാ നിർമിതിക്ക് വഴിയൊരുക്കി. 1979-ലെ വസന്തകാലത്ത് ഇറാനിൽ അരങ്ങേറിയ ഇസ്‌ലാമിക വിപ്ലവമാണ് രണ്ടാമത്തെ സംഭവം. അത് അമേരിക്കയിൽ അമ്പരപ്പും വിസ്മയവും സൃഷ്ടിച്ചു. ഇസ്‌ലാമിന് ഗണനീയമായ ഒരു രാഷ്ട്രസംവിധാനമായി പ്രവർത്തിക്കാനാകുമെന്ന് അത് അമേരിക്കൻ ജനതയെ ബോധ്യപ്പെടുത്തി. മൂന്നാമത്തേത് പശ്ചിമേഷ്യയിലെ ഇസ്രയേൽ-ഫലസ്തീൻ സംഘർഷ പരമ്പരയാണ്.

ഇസ്‌ലാമിനെയും മുസ്‌ലിംകളെയും മുൻവിധികളോടെയും രാഷ്ട്രീയ സങ്കുചിതത്വത്തോടെയും ചിത്രീകരിക്കുന്ന പാശ്ചാത്യ മാധ്യമങ്ങളുടെ വികല രീതികൾ എഡ്വേർഡ് സൈദ് ശക്തമായി തുറന്നുകാട്ടുകയുണ്ടായി. *കവറിംഗ് ഇസ്‌ലാം, അറബ്സ് ഇൻ അമേരിക്ക* എന്നീ കൃതികളിൽ മാധ്യമങ്ങളുടെ ഈ നെറികേടുകളെ സൈദ് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ സെമിനാറുകൾ വഴിയും എഴുത്തുകളിലൂടെയും മുസ്‌ലിം ബുദ്ധിജീവികൾ ഇത്തരം മാധ്യമ പ്രവണതകൾക്കെതിരെ പ്രതികരിക്കുകയുമുണ്ടായി. തുടക്കത്തിൽ പ്രതിരോധപരമായ പ്രതികരണങ്ങളായിരുന്നു അവർ നടത്തിയിരുന്നത്. എന്നാൽ പ്രതിരോധ പ്രതികരണങ്ങൾമാത്രം ഫലപ്രദമാകില്ലെന്ന് ബോധ്യമായതിനാൽ കൂടുതൽ ക്രിയാത്മകമായ ഇടപെടലുമായി മുസ്‌ലിം അക്കാദമിക്കുകൾ ഇപ്പോൾ രംഗത്തുണ്ട്.

▶ *മാധ്യമ ആക്രമണങ്ങൾക്കെതിരെ ഖണ്ഡിതമായ മറുപടി നൽകാനും ദൃഢപ്രസ്താവനകൾ നൽകാനും ഇപ്പോൾ മുസ്‌ലിംകൾക്കു കഴിയുന്നുണ്ടെന്നാണോ താങ്കൾ വിശ്വസിക്കുന്നത്?*

അതേ, തീർച്ചയായും.

▶ *ഏതെല്ലാം താൽപര്യങ്ങളും ശക്തികളുമാണ് മാധ്യമരംഗം നിയന്ത്രിക്കുന്നത്? മുസ്‌ലിം ലോകത്തെ റിപ്പോർട്ട് ചെയ്യുമ്പോൾ അവ ഏതു വിധത്തിൽ മാധ്യമങ്ങളിൽ സ്വാധീനം ചെലുത്തുന്നു?*

വൻകിട ബഹുരാഷ്ട്ര കോർപറേറ്റുകൾക്കാണ് ഭൂരിപക്ഷ മാധ്യമങ്ങളുടെയും ഉടമസ്ഥാവകാശം. സ്വാഭാവികമായും ഈ കുത്തകകളുടെ താൽപര്യങ്ങൾ മാധ്യമങ്ങളിൽ നിഴലിക്കുകയും ചെയ്യുന്നു. മുതലാളിത്ത സമൂഹത്തിലെ വരേണ്യ വിഭാഗങ്ങളുടെയും വൻകിട കോർപറേറ്റുകളുടെയും താൽപര്യങ്ങളെയാണ് അമേരിക്കൻ മാധ്യമങ്ങൾ സേവിക്കുന്നതെന്ന് ഒറ്റവാക്യത്തിൽ പറയാം. മാധ്യമ ഉടമസ്ഥതാ രംഗത്ത് മുസ്‌ലിംകൾക്കുള്ള പങ്ക് നാമമാത്രമാണ്. വടക്കെ അമേരിക്കയിലെ മാധ്യമങ്ങളിലെ 90 ശതമാനത്തിന്റെയും ഉടമസ്ഥത 21 വൻകിട കോർപറേറ്റുകളുടെ കരങ്ങളിലാണ്. അതിനാൽ ഈ കോർപറേറ്റ് മുതലാളിത്തത്തിന്റെ താൽപര്യങ്ങളും കാഴ്ചപ്പാടുകളും ഈ മാധ്യമങ്ങൾ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. ഇലക്ട്രിക് സാമഗ്രികളും പ്രതിരോധ സാമഗ്രികളും നിർമിക്കുന്ന ജി.ഇ (ജനറൽ ഇലക്ട്രിക്കൽസ്) എന്ന കമ്പനിക്കാണ് *സി.ബി.എസ്* ചാനലിന്റെ ഉടമസ്ഥത. കൊക്കകോള കമ്പനി നിരവധി ദിനപത്രങ്ങൾ സ്വന്തമായി നടത്തുന്നുണ്ട്. സ്വതന്ത്ര മാധ്യമങ്ങളുടെ ഇടം അമേരിക്കയിൽ നന്നേ ചുരുങ്ങിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ന്യൂനപക്ഷ ദുർബല വിഭാഗങ്ങളുടെ താൽപര്യങ്ങൾ പരിഗണിക്കപ്പെടുന്നതു പോകട്ടെ, അവർക്ക് ഹാനികരമായ റിപ്പോർട്ടുകൾ നൽകുന്നതിലാകും മാധ്യമങ്ങൾ ദൗർബല്യം പ്രകടിപ്പിക്കുക. അത്തരമൊരു പരിതാവസ്ഥയാണ് മുസ്‌ലിംകൾ അഭിമുഖീകരിക്കുന്നത്.

▶ *മാധ്യമങ്ങളുടെ വിവേചന നയത്തെ മുസ്‌ലിംകൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നാണ് താങ്കൾക്ക് നിർദേശിക്കാനുള്ളത്?*

ഈ സാഹചര്യത്തെ നേരിടാൻ നിരവധി വഴികളുണ്ട്. ഒന്നാമതായി, മുഖ്യധാരാ മാധ്യമങ്ങളുമായിട്ടുള്ള സമ്പർക്കം മുസ്‌ലിംകൾ വർധിപ്പിക്കണം. പത്രപ്രവർത്തനം, പ്രക്ഷേപണം തുടങ്ങിയ മേഖലകളിൽ പഠനംനടത്താൻ കൂടുതൽ മുസ്‌ലിം വിദ്യാർഥികൾ തയാറാവണം. മാധ്യമ രംഗങ്ങളിൽ ബിരുദധാരികളായ കൂടുതൽ മുസ്‌ലിം യുവാക്കൾ തൊഴിൽ നേടുന്നത് ആശാസ്യമായ പരിവർത്തനങ്ങൾക്ക് വഴിയൊരുക്കും. അവരുടെ കേവല സാന്നിധ്യം പോലും സാഹചര്യങ്ങളിൽ മാറ്റം സൃഷ്ടിക്കും. മാധ്യമങ്ങളെ നിരീക്ഷണ വിധേയമാക്കി പ്രതികരിക്കുകയാണ് മറ്റൊരു രീതി. അമേരിക്കയിലെ കൗൺസിൽ ഓഫ് അമേരിക്കൻ ഇസ്‌ലാമിക് റിലേഷൻസ് (CAIR) എന്ന വേദി ഈ രീതി ഫലവത്തായി നടപ്പാക്കുന്നുണ്ട്.

▶ *മുസ്‌ലിം പ്രശ്നങ്ങളെ നിഷേധാത്മകമായി റിപ്പോർട്ട് ചെയ്യുന്നതിനു പിന്നിൽ പത്രപ്രവർത്തകർ പഠിച്ചിറങ്ങുന്ന സ്ഥാപനങ്ങൾക്കു വല്ല പങ്കുമുണ്ടോ? അല്ലെങ്കിൽ മാധ്യമ കോർപറേറ്റുകൾ അവരെ വിലക്കെടുത്ത് അവരിൽ ഇസ്‌ലാമിനെതിരായ തെറ്റുധാരണകൾ സന്നിവേശിപ്പിക്കുന്നതുകൊണ്ടാണോ ഈ പ്രശ്നം?*

സുപ്രധാനമായൊരു ചോദ്യമാണ് താങ്കൾ ഇവിടെ ഉന്നയിച്ചിരിക്കുന്നത്.

**മുഖ്യധാരാ മാധ്യമങ്ങളുമായിട്ടുള്ള സമ്പർക്കം മുസ്‌ലിംകൾ വർധിപ്പിക്കണം. പത്രപ്രവർത്തനം, പ്രക്ഷേപണം തുടങ്ങിയ മേഖലകളിൽ പഠനംനടത്താൻ കൂടുതൽ മുസ്‌ലിം വിദ്യാർഥികൾ തയാറാവണം. മാധ്യമ രംഗങ്ങളിൽ ബിരുദധാരികളായ കൂടുതൽ മുസ്‌ലിം യുവാക്കൾ തൊഴിൽ നേടുന്നത് ആശാസ്യമായ പരിവർത്തനങ്ങൾക്ക് വഴിയൊരുക്കും. അവരുടെ കേവല സാന്നിധ്യം പോലും സാഹചര്യങ്ങളിൽ മാറ്റം സൃഷ്ടിക്കും.**

വർഷമായി മാധ്യമ കാര്യങ്ങൾ പഠിപ്പിക്കുന്ന അധ്യാപകനാണ് ഞാൻ. ഈ രംഗത്തു നിരവധി ടെക്സ്റ്റ്ബുക്കുകളുമായി എനിക്ക് ഉറ്റ പരിചയം തന്നെയുണ്ട്. എന്നാൽ അവയിലൊന്നും തന്നെ ഇസ്‌ലാമിനെതിരെ പക്ഷപാതപരമായ റിപ്പോർട്ടിംഗിന് പ്രേരിപ്പിക്കുന്ന പ്രതിപാദ്യങ്ങളില്ല. ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ടുകളിലോ കലാലയങ്ങളിലോ അത്തരം മുൻവിധികൾ അഭ്യസിക്കപ്പെടുന്നില്ല. രാഷ്ട്രീയ, അമിത മതേതരത്വ സാഹചര്യങ്ങളാണ് ഈ പ്രവണതയുടെ അടിസ്ഥാന ഹേതുവെന്ന് ഞാൻ കരുതുന്നു. മതങ്ങളെ സംശയത്തോടെ വീക്ഷിക്കുന്ന ഒരന്തരീക്ഷം അമേരിക്കൻ സമൂഹത്തിലുണ്ട്. ഈ സമീപനം ഇസ്‌ലാമിനോടു മാത്രമാണെന്നും കരുതേണ്ടതില്ല. സമൂഹത്തിലെ ഈ രാഷ്ട്രീയാന്തരീക്ഷമാണ് വിദ്യാർഥികളെയും സ്വാധീനിക്കുന്നത്. അങ്ങനെ പത്രപ്രവർത്തകർ മുസ്‌ലിംകളോട് നിഷേധാത്മക സമീപനമുള്ളവരായി വളരുന്നു.

▶ *മതങ്ങളെ മൊത്തത്തിൽ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നതായി താങ്കൾ വ്യക്തമാക്കുകയുണ്ടായി. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും സവിശേഷമായി തന്നെ ഉന്നമിടുന്ന പ്രശ്നമുണ്ടോ?*

തീർച്ചയായും ഉണ്ട്. കാരണം മറ്റു മതങ്ങൾ പലകാര്യങ്ങളിലും വിട്ടുവീഴ്ചകൾ ചെയ്യുന്നു. ക്രൈസ്തവതയും ജൂതമതവുമെല്ലാം മതത്തെയും രാഷ്ട്രത്തെയും രണ്ടായി കാണുന്നു. എന്നാൽ ഇസ്‌ലാമിൽ മതരാഷ്ട്ര വിഭജനമില്ല. അപ്പോൾ മറ്റു മതങ്ങൾ കൂടുതൽ മതേതരത്വം പുലർത്തുന്നതായി മാധ്യമങ്ങൾ ധരിക്കുന്നു. അതുകൊണ്ട് ഇസ്‌ലാം സവിശേഷമായി ഉന്നംവെക്കപ്പെടുന്നു. മറ്റൊരു കാരണം, പാശ്ചാത്യ രാജ്യങ്ങൾക്ക് എപ്പോഴും മുമ്പിൽ ഒരു ശത്രുവിന്റെ പ്രതിഷ്ഠ അനിവാര്യമാണ്. സോവിയറ്റ് കമ്യൂണിസം ശിഥിലമായതോടെ ആ സ്ഥാനത്ത് ഇസ്‌ലാമിനെ ശത്രുവായി പ്രതിഷ്ഠിച്ചിരിക്കുകയാണ് പാശ്ചാത്യർ.

▶ *മറ്റു മതസമുദായങ്ങളും ഇത്തരം ആക്രമണങ്ങൾക്ക് ഇരയാകുന്നില്ലെന്നാണോ?*

ഇത്ര രൂക്ഷമായ ആക്രമണത്തിന് അവർ ഇരയാകുന്നില്ല. അതേസമയം ഇതിനേക്കാൾ ചെറിയ അളവിലുള്ള ആക്രമണത്തിന് ഇതര മതങ്ങളും ശരവ്യമാകുന്നു. മറ്റൊരു വസ്തുത കൂടി ഇവിടെ വിശദമാക്കേണ്ടതുണ്ട്. വാർത്തകളെ സെൻസേഷണലായി അവതരിപ്പിച്ച് വൈകാരികത സൃഷ്ടിക്കുന്നതിലാണ് അമേരിക്കൻ മാധ്യമങ്ങൾ ഔത്സുക്യം പ്രകടിപ്പിക്കാറുള്ളത്. സെൻസേഷണലിസത്തിന് തുടക്കംകുറിച്ച 19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദം മുതലുള്ള ഈ പ്രവണത ഇപ്പോഴും പ്രബലമാണ്. അപവാദകഥകളിലും നാടകീയതകളിലുമാണ് മാധ്യമങ്ങൾ അഭിരമിക്കുന്നത്. സംഭവങ്ങളെ നാടകീയവത്കരിച്ച് ആഖ്യാനം ചെയ്യുന്നതു വഴിയേ മാർക്കറ്റിൽ വിൽപന വർധിക്കൂ എന്ന ധാരണയാണ് മാധ്യമങ്ങളെ ഭരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് ചെറുകിട ദുർബല വിഭാഗങ്ങളുടെ നേരെയുള്ള മാധ്യമവേട്ടയും. അത്തരം റിപ്പോർട്ടുകൾ പർവതീകരിച്ച് ഭൂരിപക്ഷ മനോഗതങ്ങളെ പ്രീണിപ്പിക്കാമെന്നാണ് കണക്കുകൂട്ടൽ.

▶ *ചില വിഷമംപിടിച്ച ഇഷ്യൂകൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ എങ്ങനെ പ്രതികരിക്കണമെന്നറിയാതെ മുസ്‌ലിംകൾ അന്ധാളിക്കാറുണ്ട്. ഉദാഹരണമായി മാനംരക്ഷിക്കാനെന്ന പേരിൽ നടത്താറുള്ള കൊല (Honour Killing). പാകിസ്താനിലും മറ്റുമുള്ള ഈ സമ്പ്രദായം പോയവർഷം ചില മാധ്യമങ്ങൾ സെൻസേഷണലൈസ് ചെയ്യുകയുണ്ടായി. അവയോട് എങ്ങനെ പ്രതികരിക്കണം?*

**പ്രസിദ്ധീകരണങ്ങൾ പരസ്പര ധാരണയോടെ പ്രവർത്തിക്കുന്നതും ഹിതകരമായിരിക്കും. ഒരേ അനുവാചക വൃന്ദം അല്ലെങ്കിൽ ഒരേ പ്രേക്ഷക സമൂഹം ആണ് ഈ മാധ്യമങ്ങളുടെ അഭിസംബോധിതർ എന്ന വസ്തുത സദാ നിനവിലുണ്ടായിരിക്കണം. ഒരേ വിഷയങ്ങൾ വിവിധ പ്രസിദ്ധീകരണങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നതു വഴി സംഭവിക്കുന്ന ആവർത്തനങ്ങൾ ഒഴിവാക്കപ്പെടുകയും വേണം.**

വസ്തുതകൾ അങ്ങേയറ്റം വാചാലമാണ് എന്നാണ് എനിക്കാദ്യമേ പറയാനുള്ളത്. വസ്തുതകളെ ആധാരമാക്കി ക്ഷമാപൂർവം പ്രതികരിക്കാനുള്ള വൈഭവം വളർത്തിയെടുത്തേ തീരൂ. പ്രണയത്തിൽ കുരുങ്ങുന്ന പെൺകുട്ടികളെയും ബന്ധുക്കൾക്ക് വേണ്ടത്ര ഇഷ്ടമില്ലാത്ത വിവാഹത്തിന് തയാറാകുന്ന വധുവിനെയും മറ്റും കൊലപ്പെടുത്തുന്ന അഭിമാന സംരക്ഷണ കൊലക്ക് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ലെന്ന് തുറന്നു പ്രഖ്യാപിക്കാൻ മുസ്‌ലിംകൾ മടിക്കരുത്. അത്തരം കൊലകൾ അരങ്ങേറുന്നുണ്ടെങ്കിൽ അത് ആ മേഖലയിലെ ഗോത്രാചാരത്തിന്റെ ഭാഗമാകാം. അതിനെ ശക്തമായി അപലപിക്കാൻ മുസ്‌ലിംകൾ തയാറാകണം. അത്തരം പ്രാകൃത രീതികൾ ഇല്ലായ്മ ചെയ്യാൻ മറ്റുള്ളവരുമായി സഹകരിക്കാനും അവർ തയാറാകണം. ഇത്തരം സംഭവങ്ങൾ അരങ്ങേറുമ്പോൾ - അവ സംഭവിക്കുന്നത് ഏതെങ്കിലും മുസ്‌ലിം രാജ്യത്തായതിനാൽ- അതിനെ ന്യായീകരിക്കണമെന്ന ചിന്താഗതി പല മുസ്‌ലിംകളും പ്രകടിപ്പിക്കാറുണ്ട്. അത്തരം നിലപാട് ശരിയല്ല. നീതിക്കുവേണ്ടിയാകണം മുസ്‌ലിംകൾ നിലകൊള്ളേണ്ടത്. ഇത്തരം ഇഷ്യുകളിൽ യഥാർഥ വസ്തുതകൾ വെളിച്ചത്തുകൊണ്ടുവരാൻ നമുക്ക് എഡിറ്റർമാരെയും ലേഖകന്മാരെയും പ്രേരിപ്പിക്കാം. സെൻസേഷണലും നാടകീയവുമായ ആഖ്യാനങ്ങൾക്കു പകരം വസ്തുതകളെ വസ്തുതകളായി അവതരിപ്പിക്കുന്ന പക്ഷം പ്രശ്നത്തിന്റെ യഥാർഥ സ്വഭാവം ഗ്രഹിക്കാൻ വായനക്കാർക്ക് അവസരം ലഭിക്കും.

ഇഷ്യുകൾ ഉണ്ടാകുമ്പോൾ യഥാസമയം പ്രതികരിക്കാനും മുസ്‌ലിംകൾ തയാറാകണം. എന്നാൽ സമയബോധമില്ലാത്തവണ്ണമാണ് അവരുടെ പെരുമാറ്റം. സ്വന്തം സന്ദേശങ്ങളും നിലപാടുകളും അവധാനതയോടെയും പ്രഫഷണൽ രീതിയിലും അവതരിപ്പിക്കാൻ അവർ നിഷ്കർഷ പുലർത്താറില്ല. പ്രതികരണം പലപ്പോഴും വൈകാരികമായി ഒടുങ്ങിപ്പോകാറുമുണ്ട്. നിങ്ങൾ പ്രഫഷണലാണെന്ന് തിരിച്ചറിഞ്ഞാൽ പത്രങ്ങൾ പ്രശ്നത്തെ സംബന്ധിച്ച യഥാർഥ വശങ്ങൾ അന്വേഷിച്ചറിയാൻ സന്നദ്ധമാകാതിരിക്കില്ല.

▶ *മാധ്യമങ്ങളെ നിരീക്ഷണ വിധേയമാക്കി വിശകലനം ചെയ്യുമ്പോൾ ഏതെല്ലാം കാര്യങ്ങൾക്കാകണം പരിഗണന നൽകേണ്ടത്?*

മാധ്യമങ്ങളുമായി ബന്ധപ്പെടുമ്പോൾ സ്വന്തം വീക്ഷണം ഫലപ്രദമായി എഴുതി തയാറാക്കാനുള്ള നൈപുണ്യമാണ് ആദ്യമായി വേണ്ടത്. തെളിമയും പ്രേരകശക്തിയുള്ളതുമാകണം നിങ്ങളുടെ എഴുത്തിന്റെ ഭാഷ. മുസ്‌ലിംകൾ മാത്രമല്ല, പൊതുവെ എല്ലാ വിഭാഗം ജനങ്ങളും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നു. അഥവാ അപര്യാപ്തമായ രീതിയിലാണ് അവർ സ്വന്തം പ്രശ്നങ്ങൾ അവതരിപ്പിക്കാറുള്ളത്. സ്വന്തം നിലപാട് ഭംഗിയായി സമർഥിക്കാനുള്ള കഴിവിന്റെ അഭാവമാണ് എപ്പോഴും മുഴച്ചു കാണാറുള്ളത്. പത്ര

ങ്ങളിലേക്ക് പ്രതികരണങ്ങൾ തയാറാക്കേണ്ടത് എങ്ങനെ, ടെലിവിഷൻ ചർച്ചകളിൽ പ്രത്യക്ഷപ്പെടേണ്ടതെങ്ങനെ, എങ്ങനെ അഭിമുഖങ്ങൾ നൽകാം എന്നിവയുമായി ബന്ധപ്പെട്ട നൈപുണ്യവും ടെക്നിക്കും സ്വന്തമാക്കാൻ വർക്ക്ഷോപ്പുകൾ തന്നെ നടത്തേണ്ടിയിരിക്കുന്നു. ഇന്റർനെറ്റിന്റെ സാധ്യതകളും പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

▶ *അമേരിക്കയിൽനിന്ന് നിരവധി മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ ഇപ്പോൾ പുറത്തുവരുന്നുണ്ട്. ഈ പ്രസിദ്ധീകരണങ്ങളെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു?*

അമേരിക്കയിൽ മുസ്‌ലിംകളുടേതായി പല പ്രസിദ്ധീകരണങ്ങളും ഉണ്ട് എന്നത് ശരിതന്നെ. എന്നാൽ പ്രചാരത്തിൽ അവ ഏറെ പിന്നിലാണ്. വ്യക്തിപരമായി വരിചേരുന്നവരുടെ ദാക്ഷിണ്യത്തിലാണ് അവയുടെ നിലനിൽപ്. ഒരു മാസ് മീഡിയ (പൊതുജന മാധ്യമം) എന്ന പദവിയിലേക്കുയരാൻ അവക്ക് സാധ്യമായിട്ടില്ല. മറ്റൊരു വസ്തുതകൂടി ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. അമേരിക്കയിൽ പത്രങ്ങൾ 'ദേശീയത' അവകാശപ്പെടുന്നുണ്ടെങ്കിലും പ്രാദേശിക-മേഖലാ വാർത്തകൾ വഴിയാണ് അവയുടെ നിലനിൽപ്. *യു.എസ്.എ റ്റുഡേ* എന്ന പത്രം ഒന്നാം നിരയിലേക്കുയർന്നത് ഈ പ്രാദേശിക സ്വഭാവം മൂലമായിരുന്നു. ഒറ്റ പരസ്യം പോലും സ്വീകരിക്കാതെ ഒരു ലക്ഷത്തിലേറെ പ്രചാരംനേടിയ പത്രങ്ങളും അമേരിക്കയിൽ വിജയഗാഥ രചിക്കുന്നുണ്ടെന്നോർക്കുക. എന്നാൽ നേടിയതെല്ലാം വേണ്ടത്രയായി എന്ന ആശയവുമായി രാജിയായിക്കഴിയുകയാണ് മുസ്‌ലിംകൾ. പ്രഫഷനൽ സമീപനത്തിന്റെ

## മിഥ്യാധാരണകളെ കടപുഴക്കിയ *അൽജസീറ* ചാനൽ

**2008** നവംബർ 15-ന് ലോക പ്രശസ്ത ഇംഗ്ലീഷ് വാർത്താ ചാനലായ *അൽജസീറ ഇന്റർനാഷ ് നൽ* (എ.ജെ.ഐ) രണ്ട് വർഷം പൂർത്തിയാക്കി. അവിസ്മരണീയവും സാഹസികവുമായിരുന്നു പിന്നിട്ട അതിന്റെ യാത്രകൾ. മീഡിയയെക്കുറിച്ച് ഉറച്ച വിശ്വാസം പോലെ നിലനിൽക്കുന്ന പല മിഥ്യാധാരണകളെയും കടപുഴക്കാൻ കഴിഞ്ഞു എന്നതാണ് ഈ ചാനലിന്റെ ചരിത്ര പ്രാധാന്യം. ആഗോള വാർത്താ ചാനലെന്നാൽ *സി.എൻ. എന്നോ ബി. ബി.സി*യോ ഒക്കെയാണെന്നും അവ അവസാന വാക്കാണെന്നും അതിലൊരു മാറ്റവും വരാനില്ലെന്നുമാണ് ലോകം കരുതിയിരുന്നത്. *അൽജസീറ* ഇംഗ്ലീഷ് ചാനലിന്റെ വരവോടെ ഈ മീഡിയാ മിഥ്യാധാരണയും തകർക്കപ്പെട്ടിരിക്കുകയാണ്. തുടങ്ങുന്നതിന് മുമ്പുതന്നെ വൻ വാർത്താ പ്രാധാന്യം നേടിയ ഈ ചാനൽ രണ്ടു വർഷം പിന്നിട്ടപ്പോൾ *സി.എൻ.എൻ*, *ബി.ബി.സി* എന്നിവയോട് കിടപിടിക്കുന്നതും ചില മീഡിയാ നിരൂപകരുടെ അഭിപ്രായത്തിൽ അവയെ കവച്ചുവെക്കുന്നതുമാണ്.

2006 നവംബർ 15ന് തുടക്കംകുറിച്ച *അൽജസീറ* ഇന്റർനാഷ്നൽ നാൽപത് മില്യൻ കണക്ഷനുകളാണ് ലക്ഷ്യമിട്ടതെങ്കിൽ തുടങ്ങുമ്പോൾ തന്നെ ഇതിന്റെ ഇരട്ടി ലഭിച്ചു. ഖത്തർ കേന്ദ്രമാക്കിയുള്ള പ്രസ്തുത ചാനൽ ദോഹ കൂടാതെ, ലണ്ടൻ, വാഷിംഗ്ടൺ, ക്വാലാലമ്പൂർ എന്നീ കേന്ദ്രങ്ങളിൽനിന്നും തത്സമയം സംപ്രേഷണം ചെയ്യുന്നു. രണ്ടു വർഷം പിന്നിട്ടപ്പോൾ തന്നെ ആഗോളതലത്തിൽ 120 മില്യൻ വീടുകളിൽ ഈ വാർത്താ ചാനൽ ലഭ്യമായിക്കഴിഞ്ഞു. ചാനലിനോടൊപ്പം തുടങ്ങിയ *അൽജസീറ* ഇംഗ്ലീഷ് വെബ് പോർട്ടലും ലക്ഷങ്ങളെ ആകർഷിക്കുന്നു. വെബ് പോർട്ടലിലെ ഏറ്റവും കൂടുതൽ സന്ദർശകരാകട്ടെ അമേരിക്കയിൽനിന്നും!!

സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ കാരണം അമേരിക്ക, ചൈന, ഇന്ത്യ പോലുള്ള നാടുകളിലെ മുഖ്യ കേബിൾ ശൃംഖലകളിൽ *എ.ജെ.ഐ* ലഭ്യമായി തുടങ്ങിയിട്ടില്ല. 2009-ൽ ഈ തടസ്സങ്ങൾ മാറിക്കിട്ടാൻ കഠിന ശ്രമങ്ങൾ നടന്നുവരുന്നു. ഈ നാടുകളിൽ കൂടി സംപ്രേഷണം സാധ്യമായാൽ വ്യൂവർഷിപ്പിൽ വൻ കുതിപ്പ് തന്നെ പ്രതീക്ഷിക്കാം. അതേസമയം, ആഗോള ഇന്റർനെറ്റ് ടി.വി ശൃംഖലയായ ജംബ് ടി.വി, യു.ട്യൂബ് എന്നിവയുമായുണ്ടാക്കിയ കരാറിലൂടെ ലോകത്തെവിടെയും ഈ രണ്ട് മാധ്യമങ്ങളിലൂടെ *അൽജസീറ* 24 മണിക്കൂറും ലഭ്യമാണ്. *ജംബ് ടി.വി*യിൽ *അൽജസീറ* കാണുന്നതിന് പ്രതിമാസം ഏഴ് അമേരിക്കൻ ഡോളർ മാത്രമാണ് വരിസംഖ്യയായി ഈടാക്കുന്നത് (www.jumptv.com).

*അൽജസീറ*, ഇംഗ്ലീഷ് ചാനൽ തുടങ്ങാൻ തീരുമാനമെടുത്തപ്പോൾ പല മീഡിയാ വിദഗ്ധരും അതിന്റെ വിജയസാധ്യതയിൽ സംശയം പ്രകടിപ്പിച്ചിരുന്നു. ഇന്നിപ്പോൾ സോമാലിയയിലെ ചായക്കട മുതൽ വൈറ്റ് ഹൗസിലെ അമേരിക്കൻ പ്രസിഡന്റിന്റെ തീൻമേശയിൽ വരെ ഈ ചാനൽ ചർച്ച ചെയ്യപ്പെടുകയാണ്.

ലോക മീഡിയയിൽ ഇസ്‌ലാമോഫോബിയ ശക്തിപ്പെട്ടു തുടങ്ങിയ രണ്ടായിരത്തിന്റെ തുടക്കത്തിൽ ഇംഗ്ലീഷിൽ ഒരു ആഗോള വാർത്താ ചാനൽ തുടങ്ങേണ്ടതിന്റെ ആവശ്യകത ഒ.ഐ.സി അടക്കം പല ഉന്നത മുസ്‌ലിം വേദികളിലും ചർച്ച ചെയ്യപ്പെട്ടിരുന്നു. പക്ഷേ, പ്രായോഗിക കാൽവെപ്പുകളൊന്നും ഉണ്ടായില്ല. ഈ കാലയളവിൽ തന്നെയാണ്, നിർഭയവും സത്യസന്ധവുമായ വാർത്താ റിപ്പോർട്ടിംഗിലൂടെ *അൽജസീറ* അറബിക് ചാനൽ അറബ് ലോകത്ത് പ്രശസ്തിയാർജിച്ചത്. മിഡിൽ ഈസ്റ്റ് സംഭവങ്ങളെ *സി.എൻ.എന്നും ബി.ബി.സി*യുമെല്ലാം തികച്ചും ഏകപക്ഷീയമായാണ് അവലോകനം ചെയ്തിരുന്നത്. ഈ പ്രദേശത്തെ ജനവിഭാഗങ്ങൾ അനുഭവിക്കുന്ന യാതനകളും കൊടിയ സൈനിക ക്രൂരതകളും നീതിനിഷേധങ്ങളും *അൽജസീറ* ക്യാമറയിലൂടെ പുറത്തു വന്നപ്പോൾ അത്തരം യാഥാർഥ്യങ്ങൾക്ക് നേരെ കണ്ണടക്കാൻ ലോക ചാനലുകൾക്ക് സാധിച്ചില്ല. ഇതോടെ വിവിധ ചാനലുകൾ *അൽജസീറ*യുടെ വീഡിയോ ക്ലിപ്പുകൾ തങ്ങളുടെ ചാനലുകളിലും കാണിച്ചുതുടങ്ങി. അങ്ങനെ അറബ്നാടുകളിൽ ഒതുങ്ങിയിരുന്ന *അൽജസീറ* അറബിക് ചാനൽ ലോകമൊട്ടുക്കും പ്രചാരം നേടി. ലോകത്ത് ഏറ്റവും കൂടുതൽ തിരിച്ചറിയപ്പെടുന്ന അഞ്ച് ലോകോത്തര ബ്രാന്റ് നെയിമുകളിൽ ഒന്നായി *അൽജസീറ* മാറി. അപ്രതീക്ഷിതമായി കൈവന്ന ഈ പ്രശസ്തിയാണ് *അൽജസീറ* ഇംഗ്ലീഷ് ചാനൽ തുടങ്ങുന്നതിന് പ്രേരകമായത്.

രണ്ടു വർഷം കൊണ്ടുതന്നെ ലോകവാർത്താ മാധ്യമരംഗത്ത് ഈ വാർത്താ ചാനൽ ഒരു വഴിത്തിരിവും ശ്രദ്ധേയമായ സാന്നിധ്യവുമായിക്കഴിഞ്ഞു. മാറിക്കൊണ്ടിരിക്കുന്ന ലോകത്തെ ഏറ്റവും പുതിയ മാധ്യമതരംഗം തന്നെയാണിത്.

**വി.വി ശരീഫ് സിങ്കപ്പൂർ**
shareef@abm-group.com

അഭാവമാണ് അവരെ ഈ കപട സായൂജ്യത്തിലേക്ക് നയിക്കുന്നത്. എഡിറ്ററെ ശമ്പളത്തിനു നിയമിക്കാൻ തീരുമാനിക്കുന്നുവെങ്കിൽ മാനേജർ, സർക്കുലേഷൻ മാനേജർ, സെയിൽസ്മാൻ തുടങ്ങിയവരെയും നിയമിക്കാൻ തയാറാകേണ്ടതുണ്ട്. പ്രസിദ്ധീകരണങ്ങൾ പരസ്പര ധാരണയോടെ പ്രവർത്തിക്കുന്നതും ഹിതകരമായിരിക്കും. ഒരേ അനുവാചക വൃന്ദം അല്ലെങ്കിൽ ഒരേ പ്രേക്ഷക സമൂഹം ആണ് ഈ മാധ്യമങ്ങളുടെ അഭിസംബോധിതർ എന്ന വസ്തുത സദാ നിനവിലുണ്ടായിരിക്കണം. ഒരേ വിഷയങ്ങൾ വിവിധ പ്രസിദ്ധീകരണങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നതുവഴി സംഭവിക്കുന്ന ആവർത്തനങ്ങൾ ഒഴിവാക്കപ്പെടുകയും വേണം.

▶ *വാർത്താ മാധ്യമങ്ങൾ കേന്ദ്രീകരിച്ചായിരുന്നു ഇതുവരെ നമ്മുടെ സംഭാഷണം. ഇനി നമുക്ക് സിനിമയെന്ന വിനോദ മാധ്യമം ഉയർത്തുന്ന പ്രശ്നങ്ങൾ വിലയിരുത്താം. ഉദാഹരണമായി* ദ സീജ്, റൂൾസ് ഓഫ് എൻഗേജ്മെന്റ് *തുടങ്ങിയ സമീപകാല ഹോളിവുഡ് ചലച്ചിത്രങ്ങൾ ഇസ്‌ലാമിനെക്കുറിച്ച് ഇരുണ്ട പ്രതിഛായയാണ് പകരുന്നത്. ഇതുയർത്തുന്ന പ്രശ്നങ്ങളെ താങ്കൾ എങ്ങനെ വീക്ഷിക്കുന്നു?*

ആശയ വിനിമയത്തിനുള്ള ഫലപ്രദമായൊരു മാധ്യമമാണ് ചലച്ചിത്രം എന്ന യാഥാർഥ്യത്തെ നാം അവഗണിച്ചു വരികയായിരുന്നു. സിനിമ, നാടകം, മറ്റ് വിനോദോപാധികൾ എന്നിവ സംബന്ധിച്ച ചോദ്യങ്ങൾക്ക് മുസ്‌ലിം പണ്ഡിതർ നിഷേധരൂപത്തിലുള്ള മറുപടികൾ നൽകി. ഏതാനും വർഷം മുമ്പ് മാത്രമാണ് ഈ രംഗത്തേക്ക് മുസ്‌ലിംകൾ ധീരമായ ചില ചുവടുവെപ്പിനു മുതിർന്നത്.

ചലച്ചിത്ര രംഗത്തു അവലംബിക്കാ

**സ്വന്തം നിലപാട് ഭംഗിയായി സമർഥിക്കാനുള്ള കഴിവിന്റെ അഭാവമാണ് എപ്പോഴും മുഴച്ചു കാണാറുള്ളത്. പത്രങ്ങളിലേക്ക് പ്രതികരണങ്ങൾ തയാറാക്കേണ്ടത് എങ്ങനെ, ടെലിവിഷൻ ചർച്ചകളിൽ പ്രത്യക്ഷപ്പെടേണ്ടതെങ്ങനെ, എങ്ങനെ അഭിമുഖങ്ങൾ നൽകാം എന്നിവയുമായി ബന്ധപ്പെട്ട നൈപുണ്യവും ടെക്നിക്കും സ്വന്തമാക്കാൻ വർക്ക്ഷോപ്പുകൾ തന്നെ നടത്തേണ്ടിയിരിക്കുന്നു. ഇന്റർനെറ്റിന്റെ സാധ്യതകളും പ്രയോജനപ്പെടുത്തേണ്ടതുണ്ട്.**

വുന്ന നിരവധി പ്രതിഭകൾ ഇപ്പോൾ നമുക്കുണ്ട്. എന്നാൽ ഇപ്പോഴും മുസ്‌ലിം പണ്ഡിതർ ഈ മേഖലക്ക് ഗൗരവമായ പരിഗണന നൽകാൻ തയാറല്ല.

ചലച്ചിത്രങ്ങളിലെ മുസ്‌ലിം വിരുദ്ധ ചിത്രീകരണങ്ങളെ അല്ലെങ്കിൽ ഹീനമായ ഛായാ നിർമിതിയെ ശക്തമായി നാം ചോദ്യംചെയ്യണം. തുടക്കത്തിൽ ഈ വിമർശനങ്ങൾ അവർ മുഖവിലക്കെടുക്കണമെന്നില്ല. ഏതു വിധേനയും പണം കൊയ്യുക എന്നതാണ് സിനിമാ വ്യവസായങ്ങളുടെ ലക്ഷ്യം. ചലച്ചിത്ര മേഖലയിൽ പ്രവർത്തിക്കുന്നവരുമായുള്ള സമ്പർക്കം ശക്തിപ്പെടുത്തിക്കൊണ്ട് നമുക്ക് തിരുത്തലുകൾ യാഥാർഥ്യമാക്കാൻ കഴിയും, അഥവാ നിഷേധ പ്രതിഛായകളുടെ ആവർത്തനം തടയാൻ സാധിക്കും. ലോസ് ആഞ്ചൽസിലെ മുസ്‌ലിം പബ്ലിക് അഫയേഴ്സ് കമ്മിറ്റി ഇപ്പോൾ യൂനിവേഴ്സൽ സ്റ്റുഡിയോ, വാർണർ ബ്രദേഴ്സ് തുടങ്ങിയ പ്രമുഖ ചലച്ചിത്ര കമ്പനികളുമായി അടുത്ത ബന്ധം സ്ഥാപിക്കുകയുണ്ടായി. അത് ആശാസ്യമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്തു.

സിനിമാ വ്യവസായം വൻ ബിസിനസാണിന്ന്. നൂറുകണക്കിന് ചലച്ചിത്രങ്ങളാണ് തുടർച്ചയായി റിലീസ് ചെയ്യപ്പെടുന്നത്. ഈ ജനകീയ മാധ്യമം വഴി ഇസ്‌ലാമിനെ ഇകഴ്ത്തി ചിത്രീകരിക്കാൻ ദുഷ്ടലാക്കുള്ളവർ ശ്രമിക്കുന്നു. ഇതിനെ പ്രതിരോധിക്കുന്നതിന് പ്രതിഭയും കഴിവുമുള്ളവർ രംഗത്തുവരേണ്ടതുണ്ട്. ഏറെ മുതൽമുടക്കും ഇതിനാവശ്യമായി വരും. ഞാൻ ഒരു മുഫ്തിയല്ലെങ്കിലും ഒരു കാര്യം വ്യക്തമാക്കട്ടെ, ഇസ്‌ലാമിന്റെ ചട്ടക്കൂടിനകത്ത് ഒതുങ്ങിനിന്ന് തന്നെ നമുക്ക് ഉത്തമ ചലച്ചിത്രങ്ങൾ നിർമിക്കാൻ സാധിക്കും.

ഇസ്‌ലാമിനെ ഇകഴ്ത്തുന്ന അല്ലെങ്കിൽ ഹിംസയിലൂന്നുന്ന ചലച്ചിത്രങ്ങളെ നിതാന്തമായി നിരീക്ഷിച്ചു ശക്തമായി പ്രതികരിക്കുന്ന തന്ത്രം ഇപ്പോൾ സ്വീകരിക്കാം. ചലച്ചിത്ര രംഗത്തെ ധാർമികതക്കായി വാദിക്കുന്ന ഇതര മത വിഭാഗങ്ങളുമായി കൈകോർക്കാനും നമുക്ക് സാധിക്കണം. വിശ്വാസത്തിന്റെ കുറവു കൊണ്ടാകാം, അന്യരെ സംശയത്തോടെ വീക്ഷിച്ച് ഇത്തരം സഹകരണങ്ങളിൽനിന്ന് നാം വിട്ട് നിൽക്കുന്നു. ആശയങ്ങളുടെ കമ്പോളത്തിൽ ശിരസ്സുയുയർത്തി നിൽക്കാനാകണം നമ്മുടെ ശ്രമം. അല്ലാത്ത പക്ഷം വിനോദമാധ്യമങ്ങൾ വഴിയുള്ള ആക്രമണത്തിന്റെ ഇരകളായി കഴിയാനാകും നമ്മുടെ വിധി. ■

വിവ: **വി.പി.എ അസീസ്**